(ബി) 1997 മാർച്ച് 31, 1998 മാർച്ച് 31, 1999 മാർച്ച് 31, 1999 ഡിസംബർ 31 എന്നീ തീയതികളിലെ ഗവൺമെന്റിന്റെ കടബാദ്ധ്യത എത്ര വീതമായിരുന്നു;

(സി) കടബാദ്ധ്യത ഓരോ വർഷവും വർദ്ധിക്കുകയുണ്ടായോ; എങ്കിൽ കാരണമെന്ത്?

ഉത്തരം

(എ) 10113.54 കോടി രൂപ (1996 ഏപ്രിൽ 1 ന്)

(ബി)

തീയതി	കടബാദ്ധ്യത (കോടി രൂപ)
1997 മാർച്ച് 31	11420.91
1998 മാർച്ച് 31	12868.14
1999 മാർച്ച് 31	15700.28
1999 ഡിസംബർ 31	അവസാന കണക്കുകൾ ലഭിച്ചിട്ടില്ല.

(സി) വർദ്ധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം അപര്യാപ്തമായതുകൊണ്ട് വികസന പ്രവർത്തനങ്ങൾക്കും മൂലധന നിക്ഷേപങ്ങൾക്കും വേണ്ടി വായ്പയെടുക്കേണ്ടി വരുന്നതാണ് പ്രധാനകാരണം എന്നിരുന്നാലും കടബാദ്ധ്യതയുടെ വളർച്ചാ നിരക്ക് മുൻ കാലങ്ങളിലേതുമായി താരതമ്യപ്പെടുത്തുമ്പോൾ ശതമാനക്കണക്കിൽ ഗണ്യമായ വർദ്ധനവ് വന്നിട്ടില്ല.

16 (326) ഗവൺമെന്റിന്റെ കടബാദ്ധ്യത

ശ്രീ. അടൂർ പ്രകാശ് :

ശ്രീ. കെ.പി. വിശ്വനാഥൻ :

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1995-96, 1996-97, 1997-98 എന്നീ വർഷങ്ങളിൽ ഓരോന്നിലും ഗവൺമെന്റിന്റെ കടം എത്ര വീതമായിരുന്നു;

(ബി) ഈ ഓരോ വർഷവും ഗവൺമെന്റ് എടുത്തിട്ടുള്ള വായ്പ എത്ര വീതമായിരുന്നു;

(സി) ഈ ഓരോ വർഷവും പബ്ലിക് അക്കൗണ്ടിലുള്ള തുക എത്ര വീതമായിരുന്നു;

(ഡി) ഈ ഓരോ വർഷവും പബ്ലിക് അക്കൗണ്ടിലുണ്ടായിരുന്ന തുക ഉൾപ്പെടെയുള്ള കടം എത്രയായിരുന്നു;

(ഇ) പബ്ലിക് അക്കൗണ്ടിലുണ്ടായിരുന്ന തുക ഉൾപ്പെടെ ഈ ഓരോ വർഷവും ഉണ്ടായ ആളോഹരി കടം എത്രയായിരുന്നുവെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ)

വർഷം	കടം (കോടി രൂപ)
1995-96	10113.54
1996-97	11420.91
1997-98	12868.14

(ബി) വർഷം വായ്പ (കോടി രൂപ)

LIBRARY ARCHIVES Kerala Legislative Assembly

1995-96	1083.09
1996-97	1049.73
1997-98	1241.55

(സി)

വർഷം	തുക (കോടി രൂപ)
1995-96	3944.42
1996-97	4780.86
1997-98	5896.08

(ഡി) പബ്ളിക് അക്കൗണ്ടിലെ ലഘുസമ്പാദ്യങ്ങൾ, പ്രോവിഡന്റ് ഫണ്ടുകൾ മുതലായവ, എന്ന ഇനത്തെ മാത്രമേ ഗവൺമെന്റിന്റെ കടം കണക്കാക്കുന്നതിന് പരിഗണിക്കാറുള്ളൂ. പ്രസ്തുത ഇനത്തിലെ തുകയുൾപ്പെടെയുള്ള ഓരോ വർഷത്തെയും കടം ഇപ്രകാരമാണ്.

വർഷം	കടം (രൂപയിൽ)
1995-96	10113.54
1996-97	11420.91
1997-98	12868.14

(ഇ) പബ്ളിക് അക്കൗണ്ടിലെ കടത്തിന് കണക്കാക്കുന്ന ഇനത്തിലെ തുകയുൾപ്പെടെയുള്ള ആളോഹരി കടം ഇപ്രകാരമാണ്.

വർഷം	കടം (കോടി രൂപ)
1995-96	3262.43
1996-97	3672.32
1997-98	4085.12

17 (327) സംസ്ഥാനത്തിന്റെ പൊതു കടം

<u>ശ്രീ. ഇ.എം. അഗസ്തി</u> : താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

താഴെ പറയുന്ന വർഷങ്ങളിൽ സംസ്ഥാനത്തിന്റെ പൊതു കടം എത്രയായിരുന്നുവെന്നും നീക്കിയിരുപ്പ് തുക എത്രയായിരുന്നുവെന്നും ഇനം തിരിച്ചുവെളിപ്പെടുത്തുമോ?

31.3.1991
31.3.1996
31.3.1997
31.3.1998
31.3.1999

<u>ഉത്തരം</u>

(എ)

വർഷം	പൊതുകടം (രൂപ കോടിയിൽ)		നീക്കിയിരുപ്പ് തുക
31.3.1991	4716.79		13.66
31.3.1996	10113.54		4.62
31.3.1997	11420.91	(-)	16.35
31.3.1998	12868.14		127.88
31.3.1999	15700.28	(-)	15.79

LIBRARY ARCHIVES Kerala Legislative Assembly